# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :3635** **20.10.2016 ൽ മറുപടിക്ക്**

## ഏരിയാ ഇൻറൻസീവ് പദ്ധതി പ്രകാരമുള്ള സ്കൂളുകളിലെ നിയമനാംഗീകാരം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജോർജ്ജ്.എം.തോമസ് | | പ്രൊഫ:സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ഏരിയ ഇൻറൻസീവ് പദ്ധതി പ്രകാരം ആരംഭിച്ച സ്കൂളുകളിലെ മുഴുവൻ അദ്ധ്യാപകർക്കും നിയമനാംഗീകാരം നൽകുന്നതിനുള്ള തടസ്സമെന്താണെന്ന് വിശദമാക്കുമോ ; | എ), ബി) & സി) | അഞ്ച് ജില്ലകളിലായി ഏരിയ ഇൻറൻസീവ് പദ്ധതിയിൽപ്പെട്ട 28 സ്കൂളുകളാണ് ഇപ്പോൾ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നത്.കൂടാതെ 5 ഹയർ സെക്കൻഡറി സ്കൂളുകളും പ്രവർത്തിച്ചുവരുന്നു. ഇവയിൽ ആകെ 238 അദ്ധ്യാപകർക്കാണ് ശമ്പളം നൽകുവാനായി അംഗീകാരം നൽകിയിട്ടുള്ളത്. തുടർന്ന് സ്കൂൾ മാനേജർ സ്വമേധയാ നടത്തിയ നിയമനങ്ങൾക്ക് നാളിതുവരെ അംഗീകാരം നൽകിയിട്ടില്ല. ഏരീയ ഇൻറൻസീവ് പദ്ധതി പ്രകാരം ആരംഭിച്ച സ്കൂളുകൾക്ക് മുൻകാല പ്രാബല്യത്തോടെ എയ്ഡഡ് പദവി നൽകിയ ഉത്തരവ് സർക്കാരിന്റെ പുനപരിശോധനയിലാണ്. ഇതുമായി ബന്ധപ്പെട്ടുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായാൽ ഉടൻ തന്നെ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) ഇത് പരിഹരിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയി ലുണ്ടോ ; | | |
| സി) എങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ